"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - സ്പെഷ്യാലിറ്റി കേഡർ - ഡോ.സഞ്ചിത്ത്.എം.എസ്., കൺസൾട്ടന്റ് (ജനറൽ സർജറി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O A ( E K M ) No.1276/2024-മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01.10.2024 തീയതിയായ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2797/2024/H&FWD തീയതി,തിരുവനന്തപുരം, 20-11-2024

---

പരാമർശം:-

1. ഡോ.സഞ്ചിത്ത്.എം.എസ്., കൺസൾട്ടന്റ് (ജനറൽ സർജറി) ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 15.06.2024 തീയതിയായ നിവേദനം (Annexure-A6).
2. O A ( E K M ) No.1276/2024-മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01.10.2024 തീയതിയായ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.10.2024-ലെ .ഇബി 2-23046/2024/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് വടകര ജില്ലാ ആശുപത്രിയിൽ ജനറൽ സർജറി വിഭാഗം കൺസൾട്ടന്റായി ജോലി നോക്കി വരുന്ന ഡോ.സഞ്ചിത്ത്.എം.എസ്., ടിയാന് കോഴിക്കോട് ജനറൽ ആശുപത്രിയിൽ കൺസൾട്ടന്റ് (ജനറൽ സർജറി) തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ച് ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി വിഷയം സംബന്ധിച്ച് ഡോ സഞ്ചിത്ത് എം എസ് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM) No.1276/2024 നമ്പർ ഹർജി ഫയൽ ചെയ്യുകയും, ഹർജി പരിഗണിച്ച് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവിൽ അപേക്ഷകൻ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച പരാമർശം (1) Annexure A6 അപേക്ഷ 1-ാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറി പരിശോധിച്ച് അപേക്ഷകൻ ആവശ്യപ്പെട്ട സ്ഥാപനത്തിലെ ഒഴിവ് നികത്തിയിട്ടില്ലെങ്കിൽ, ടി ഒഴിവ് നികത്തുന്നതിന് മുൻപായി സ്ഥാപനത്തിൽ അപേക്ഷകന് നിയമനം നൽകുന്ന വിഷയം

പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.

2)കോഴിക്കോട് ജനറൽ ആശുപത്രിയിൽ കൺസൾട്ടന്റ് ജനറൽ സർജറി വിഭാഗത്തിൽ നിലവിൽ 2 ഒഴിവുകളുണ്ടെന്നും, 2023 ലെ പൊതു സ്ഥലംമാറ്റത്തിൽ ഡോ.സഞ്ചിത്ത്.എം.എസ്.-നെ ടിയാന്റെ ഒന്നാമത്തെ ഓപ്ഷനായ വടകര ജില്ലാ ആശുപത്രിയിലേയ്ക്കാണ് സ്ഥലം മാറ്റി നിയമിച്ചിരുന്നതെന്നും, എന്നാൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടും കോഴിക്കോട് ജനറൽ ആശുപത്രിയിൽ 15/01/2018 മുതൽ ജോലി ചെയ്തു വരികയായിരുന്ന മെഡിക്കൽ ഓഫീസർ വടകര ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചിരുന്നില്ല എന്നും ആയത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ട് നിർദ്ദേശം നൽകിയതിനു ശേഷമാണ് അപേക്ഷകൻ 06/03/2024-ൽ വടകര ജില്ലാ ആശുപത്രിയിൽ പ്രവേശിച്ചതെന്നും പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർച്ചയായ മൂന്ന് വർഷത്തിൽ കൂടുതൽ ഒരു സ്ഥാപനത്തിൽ ഒരു മെഡിക്കൽ ഓഫീസറെ തുടരുവാൻ അനുവദിക്കുന്ന പക്ഷം മാനദണ്ഡങ്ങൾക്കു വിരുദ്ധമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിനുള്ള പ്രവണത ഉണ്ടാകുവാൻ സാധ്യതയുണ്ടെന്നും, അപ്രകാരം തുടരുവാൻ അനുവദിച്ചാൽ അത് ഒരു കീഴ് വഴക്കമായി ചൂണ്ടിക്കാണിച്ച് മറ്റ് മെഡിക്കൽ ഓഫീസർമാരും അവർക്കു ഇഷ്ടപ്പെട്ട സ്റ്റേഷനിൽ അനർഹമായി തുടരുവാൻ ശ്രമിക്കുമെന്നും ആയതിനാൽ ഡോ.സഞ്ചിത്ത്.എം.എസ്സ്. ന് കോഴിക്കോട് ജില്ലാ ആശുപത്രിയിൽ കൺസൾട്ടന്റ് ജനറൽ സർജറി വിഭാഗത്തിലെ നിലവിലെ ഒഴിവിൽ സ്ഥലംമാറ്റം നല്കേണ്ടതില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരമാർശം (3) കത്തിൽ ശിപാർശ ചെയ്തിരുന്നു.

3)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ.സഞ്ചിത്ത്.എം.എസ്. 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷിക്കുകയും, ടിയാന്റെ ഒന്നാമത്തെ ഓപ്ഷനായ കോഴിക്കോട് വടകര ജില്ലാ ആശുപത്രിയിലാണ് നിയമനം നൽകിയിരുന്നത്. എന്നിട്ടും, സ.ഉ. (സാധാ) നം.1382/2023/ആകുവ തീയതി 09.06.2023 പ്രകാരം സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം ടിയാൻ സ്ഥലംമാറ്റപ്പെട്ട സ്റ്റേഷനിൽ പ്രവേശിക്കാതെ കോഴിക്കോട് ജനറൽ ആശുപത്രിയിൽ തന്നെ തുടർന്നുപോന്നു. ടി വിവരം കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും, അതിനുശേഷമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ തുടർ നടപടികൾക്കു ശേഷമാണ് അപേക്ഷകൻ 06.03.2024-ൽ വടകര ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുന്നത്. പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ. (അച്ചടിച്ചത്) നം.3/2017/ഉഭപവ തീയതി 25.02.2017

ഖണ്ഡിക 5 (v) -ൽ ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ചെയ്യപ്പെട്ടവർക്കും ഒരു വർഷം പൂർത്തിയാകുമ്പോൾ സ്ഥലംമാറ്റത്തിനു വേണ്ടി ഓപ്ഷൻ നൽകാവുന്നതാണെന്നും, എന്നാൽ അവരുടെ ഓപ്ഷൻ യാതൊരു അവകാശവാദങ്ങളുമില്ലാത്തതായ ഓപ്പൺ വേക്കൻസികൾക്കെതിരെ മാത്രവും അത്തരം സ്ഥലംമാറ്റം ഏതെങ്കിലും നിർബന്ധിത സ്ഥലംമാറ്റം അനിവാര്യമാക്കപ്പെടുന്നതിനല്ലാത്തതിനും ആണ് പരിഗണിക്കേണ്ടതെന്നും നിബന്ധന ചെയ്യുന്നുണ്ട്. അപ്രകാരം പരിശോധിക്കുകയാണെങ്കിൽ 2023-ൽ വടകര ജില്ലാ ആശുപത്രിയിൽ പൊതുസ്ഥലംമാറ്റം ലഭിച്ച ഡോ.സഞ്ചിത്തിന് 2024 പൊതുസ്ഥലംമാറ്റത്തിൽ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിനും, ടിയാൾ ഓപ്ഷൻ സമർപ്പിച്ചിരിക്കുന്ന കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള സാഹചര്യത്തിൽ ടിയാൾക്ക് നിയമനം നൽകുവാൻ പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സാധിക്കുന്നതാണ്. എന്നാൽ, 09.06.2023-ൽ പുറപ്പെടുവിച്ച 2023 സ്ഥലംമാറ്റ ഉത്തരവ് പ്രകാരം ഡോ.സഞ്ചിത്ത് സ്ഥലംമാറ്റപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കാതെ കോഴിക്കോട് ജനറൽ ആശുപത്രിയിൽ തുടരുകയായിരുന്നു. ടി വിഷയം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ട് അനന്തര നടപടികൾ സ്വീകരിച്ചപ്പോൾ മാത്രമാണ് 06.03.2024-ൽ മാത്രമാണ് ടിയാൻ വടകര ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുന്നത്. ഓപ്ഷൻ നൽകി പൊതുസ്ഥലംമാറ്റം ലഭ്യമായ സ്റ്റേഷനിൽ ഡോ.സഞ്ചിത്ത്.എം.എസ്. കേവലം ഒരു വർഷം പോലും സർവ്വീസ് പൂർത്തിയാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള കൺസൾട്ടന്റ് (ജനറൽ സർജറി) തസ്തികയിൽ അപേക്ഷകന് നിയമനം നൽകണമെന്ന പരാമർശം (1) അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

4) OA (EKM) No.1276/2024 നമ്പർ ഹർജിയിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.
ഡോ.സഞ്ചിത്ത്.എം.എസ്, കൺസൾട്ടന്റ് (ജനറൽ സർജറി), ജില്ലാ ആശുപത്രി, വടകര, കോഴിക്കോട്.

പ്രിൻഡസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Anupama G Nair
Date: 20-11-2024 12:42:23

മേലെഴുത്ത് നം.ഇബി2-23046/2024, ആവഡ, തിയതി:21/11/2024

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 21-11-2024 19:49:39

ആരോഗ്യവകുപ്പ് ഡയറക്ടർ